# ബോംബെ ഡയിങ്ങിന് 1000 കോടി രൂപ വിറ്റുവരവ് ലക്ഷ്യം

കൊച്ചി ● ബോംബെ ഡയിങ് വിപണിയിൽ തിരിച്ചുവരവിനൊരുങ്ങുന്നു. നിലവിൽ 305 കോടിയുടെ വിറ്റുവരവുള്ള ബോംബെ ഡയിങ് ഉൽപന്നങ്ങളെ 2020ൽ ആയിരം കോടിയിലെത്തിക്കുകയാണു ലക്ഷ്യം. ഫ്രാഞ്ചൈസികളുടെ എണ്ണവും ഇരട്ടിയിലേറെയാക്കും.

ബോംബെ ഡയിങ് തുണിത്തര നിർമാണ രംഗത്തുനിന്നു പിൻവാങ്ങുകയാണ്. പകരം അതേ ഗുണനിലവാരമുള്ള തുണിത്തരങ്ങൾ റീട്ടെയിൽ വിൽപന നടത്തും. ബോംബെ ഡയിങ് റീട്ടെയിൽ എന്നാണു കമ്പനിയുടെ പുതിയ പേര്. നിലവിൽ കമ്പനി നേരിട്ടു നടത്തുന്ന 30 തുണിക്കടകൾ ഇന്ത്യയിലാകെയുണ്ട്. അതു കൂട്ടും. 200 റീട്ടെയിൽ ഫ്രാഞ്ചൈസികൾ ഇപ്പോഴുള്ളത് ഇരട്ടിയാക്കുമെന്നും ബോംബെ ഡയിങ് റീട്ടെയിൽ സിഇഒ നാഗേഷ് രാജണ്ണ അറിയിച്ചു. ഒരു ലക്ഷത്തിലേറെ ജനസംഖ്യയുള്ള എല്ലാ നഗരത്തിലും ഒരു ഫ്രാഞ്ചൈസി എങ്കിലും ആരംഭിക്കുകയാണു ലക്ഷ്യം.

ഇ-കൊമേഴ്സ് പോർട്ടലും ആരംഭിക്കും. മറ്റു പോർട്ടലുകളിൽ കൂടിയുള്ള വിൽപനയ്ക്കു പുറമേയാണിത്.

കേരളത്തിൽ നിലവിൽ വർഷം 30 കോടിയുടെ ഉൽപന്നങ്ങൾ വിൽക്കുന്നുണ്ട്. 2020 ആകുമ്പോഴേക്കും 100 കോടിയിലെത്തിക്കുകയാണു ലക്ഷ്യമെന്നു നാഗേഷ് രാജണ്ണ പറഞ്ഞു.